**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3553** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി യുടെ ടിക്കറ്റ് ഇതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റ് ഇതര വരുമാനം ഏതെല്ലാം മേഖലകളിൽ നിന്നാണ്; തരംതിരിച്ച് വ്യക്തമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.<br><br>നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:<br><br>കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ്, കെ.ടി.ഡി.സി., DAPCOS, Scheduled Tribes Development Department എന്നീ സ്ഥാപനങ്ങൾക്ക് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുള്ളതും പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല കെ.എസ്.ആർ.ടി.സി. സംയുക്ത |

| | | | |
|---|---|---|---|
| | | | സംരംഭം) നൽകി ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിനും നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ / പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ബസുകളിൽ പരസ്യം, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും, കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ തുടങ്ങിയ പ്രവർത്തികളിലൂടെ ടിക്കറ്റിതര വരുമാനം ലഭ്യമാകുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടയിൽ ഫ്യുവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ